**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3169** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഹെലി ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഹെലി ടൂറിസം പദ്ധതിയിൽ ദക്ഷിണേന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രമായ ഗുരുവായൂർ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | സ.ഉ (കൈ) നം: 23/2024/TSM dated 07.12.24 മുഖേന സർക്കാർ അംഗീകാരം നൽകിയിട്ടുള്ള ഹെലിടൂറിസം നയം പ്രകാരം നിലവിൽ പ്രവർത്തനക്ഷമമായ ഹെലിപാഡുകളും അനുബന്ധ സൗകര്യങ്ങളുമാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തുവാനുദ്ദേ ശിക്കുന്നത്. സർക്കാർ ഒരു ഫെസിലിറ്റേറ്ററുടെ ഭാഗമാണ് ഇതിൽ നിർവ്വഹിക്കുന്നത്. വിവിധ ടൂറിസം കേന്ദ്രങ്ങളും നഗരങ്ങളും തെരഞ്ഞെടുത്ത് ഹെലികോപ്റ്റർ സേവനം നൽകുന്നത് വിവിധ സ്വകാര്യ സേവന ദാതാക്കളായിരിക്കും. പ്രവർത്തനസജ്ജമായ ഹെലി പാഡുകൾ ലഭ്യമാവുകയാണെങ്കിൽ ഗുരുവായൂരും ഈ ഘട്ടത്തിൽ പരിഗണിക്കാവുന്നതാണ്. |
| (ബി) | ഹെലിപ്പാഡുകൾ സ്ഥാപിക്കുന്നതിന് ഗുരുവായൂർ നഗരസഭ സന്നദ്ധത അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഗുരുവായൂർ നഗരസഭ ടൂറിസം വകുപ്പിനെ സന്നദ്ധത അറിയിച്ചാൽ തുടർനടപടികൾ ആലോചിക്കാം. |

സെക്ഷൻ ഓഫീസർ